**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1001** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>നെയ്യാർ ഡാമിലെ അക്വേറിയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല നിയോജകമണ്ഡലത്തിലെ നെയ്യാർ ഡാമിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന അക്വേറിയത്തിന്റെ നിലവിലെ ഭൗതികാവസ്ഥയും പ്രവർത്തനക്ഷമതയും സംബന്ധിച്ച് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ പ്രധാന വസ്തുതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. നെയ്യാർ ഡാമിലെ അക്വേറിയത്തിന്റെ ഭൗതികസാഹചര്യങ്ങളും പ്രവർത്തനങ്ങളും 2026 സെപ്റ്റംബർ 5-ന് ഫിഷറീസ് ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ നേരിട്ട് സന്ദർശിച്ച് വിലയിരുത്തിയിരുന്നു. ഹാച്ചറിയുടെ മേൽക്കൂര അറ്റകുറ്റപ്പണി, കെട്ടിടത്തിന്റെ പെയിന്റിംഗ്, ചോർച്ചയുള്ള ഫിഷ് ടാങ്കുകളുടെ അറ്റകുറ്റപ്പണിയും പുനഃക്രമീകരണവും, എയർ കണ്ടീഷനിംഗ് സംവിധാനം ഏർപ്പെടുത്തൽ എന്നിവയാണ് പ്രധാന നവീകരണ പ്രവർത്തനങ്ങൾ. പ്രതിവർഷം ശരാശരി 35,000 സന്ദർശകരെത്തുന്ന അക്വേറിയത്തെ കൂടുതൽ ആകർഷകമാക്കുന്നതിനായി ഫിഷ് സ്പാ ഉൾപ്പെടെയുള്ള നൂതന സംവിധാനങ്ങൾ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കാനും, ചെറിയ കഫറ്റീരിയയുടെ സൗകര്യം പ്രയോജനപ്പെടുത്താനും പദ്ധതിയുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ അക്വേറിയത്തെ കൂടുതൽ ജനകീയമായ വിനോദ-വിജ്ഞാന കേന്ദ്രമാക്കി വികസിപ്പിക്കാനാകും.

**(ബി)** പ്രസ്തുത അക്വേറിയത്തിന്റെ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിലായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ അക്വേറിയത്തിന്റെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റ പണികൾക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വിഴിഞ്ഞം സബ് ഡിവിഷൻ മുഖേന പരിശോധന നടത്തുകയും, DSR-2021 പ്രകാരം തയ്യാറാക്കുകയും ചെയ്ത 48.50 ലക്ഷം രൂപയുടെ ജനറൽ സിവിൽ വർക്ക് എസ്റ്റിമേറ്റ് അഡാക്ക് മാനേജിംഗ് ഡയറക്ടർ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ടി പ്രോജക്ട് പ്രൊപ്പോസൽ Departmental Working Group ന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ച് വരുന്നു.

**(സി)** നെയ്യാർ ഡാമിലെ അക്വേറിയം ആധുനികവത്കരിക്കുന്നതിനും കെട്ടിടങ്ങൾ നവീകരിക്കുന്നതിനും കൂടുതൽ ഇനം ശുദ്ധജല അലങ്കാര മത്സ്യങ്ങളെ ഉൾപ്പെടുത്തി സഞ്ചാരികൾക്കും

വിദ്യാർത്ഥികൾക്കും പ്രയോജനകരമായ വിനോദ-വിജ്ഞാന കേന്ദ്രമായി വികസിപ്പിക്കുന്നതിനും സമഗ്രമായ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** അക്വേറിയം നവീകരിക്കുന്നതിനും കൂടുതൽ അലങ്കാര മത്സ്യങ്ങളെ ഉൾപ്പെടുത്തി വിനോദ-വിജ്ഞാന കേന്ദ്രമായി വികസിപ്പിക്കുന്നതിനുമുള്ള അടിസ്ഥാന നടപടികളുടെ ഭാഗമായാണ് നിലവിലെ അറ്റകുറ്റപ്പണികൾ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിനാവശ്യമായ 48.50 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് എസ്റ്റിമേറ്റും ഡ്രോയിംഗും തയ്യാറാക്കിയിട്ടുണ്ട്

**(ഡി)** പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്കായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആവശ്യമായ ഫണ്ട് അനുവദിച്ച് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**മറുപടി:** 48.50 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് എസ്റ്റിമേറ്റും ഡ്രോയിംഗും തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകി ഫണ്ട് അനുവദിച്ച് നൽകുന്ന മുറയ്ക്ക് അടിയന്തരമായി തന്നെ മേൽപ്പറഞ്ഞ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**